(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) പദ്ധതിക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ വർഷവും വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിപ്രകാരം കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിനായി പലിശരഹിത വായ്പ പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നില്ല. ഈ വിഭാഗത്തിന് ഭവനനിർമ്മാണത്തിന് മുഴുവൻ തുകയും ഗ്രാന്റായാണ് നൽകുന്നത്.

(ബി-ഡി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിൽ നിന്നും കൃഷി ഭൂമി വാങ്ങുവാൻ വായ്പ

109 (5514) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും കൃഷി ഭൂമി വാങ്ങുവാനായി എത്ര രൂപവരെയാണ് പരമാവധി വായ്പ നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ചുരുങ്ങിയത് 50 സെന്റ് കൃഷി ഭൂമി വാങ്ങുന്നതിന് കോർപ്പറേഷൻ നൽകുന്ന വായ്പ, കൃഷി ഭൂമി വാങ്ങാൻ പര്യാപ്തമാകുമോ എന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) കൃഷി ഭൂമിയുടെ വില സംസ്ഥാനത്ത് വർദ്ധിച്ചിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് വായ്പ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും കൃഷിഭൂമി വാങ്ങുവാനായി പരമാവധി 1,50,000 രൂപ വരെയാണ് നൽകുന്നത്. ഇതിൽ 1,00,000 രൂപ വരെ വായ്പയും 50,000 രൂപ വരെ സബ്സിഡിയുമാണ്.

(ബി&സി) ഈ പദ്ധതിയുടെ നിർവ്വഹണം പ്രത്യേക സർക്കാർ ഉത്തരവനുസരിച്ച് 1999-2000-ത്തിലാണ് കോർപ്പറേഷൻ ആരംഭിച്ചത്. പദ്ധതിയുടെ ആരംഭത്തിൽ നിശ്ചയിക്കപ്പെട്ട പരമാവധി പദ്ധതി തുകയായ 1,50,000 രൂപ പിന്നീട് വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ഭൂമിവിലയിൽ അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

കാലത്തുണ്ടായ ഉയർച്ച പരിഗണിച്ചാൽ നിലവിലുള്ള പദ്ധതിത്തുകയായ 1,50,000 രൂപ കുറഞ്ഞത് 50 സെന്റ് കൃഷിക്കനുയോജ്യമായ ഭൂമി വാങ്ങുന്നതിന് ഇപ്പോൾ അപര്യാപ്തമാണെന്നതിനാൽ നിലവിലുള്ള പദ്ധതി തുകയിൽ വർദ്ധനവ് വരുത്തുന്നത് സംബന്ധിച്ച് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

മലപ്പുറം മണ്ഡലത്തിൽ സ്വയം തൊഴിൽ വായ്പാ സഹായം

110 (5515) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോവർഷവും മലപ്പുറം മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴിയും പിന്നോക്ക വികസന കോർപ്പറേഷൻ വഴിയും എത്ര രൂപയുടെ സ്വയം തൊഴിൽ വായ്പാ സഹായം നൽകി എന്ന് വ്യക്തമാക്കുമോ ; എത്ര പേർക്കാണ് നൽകിയത് ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും മലപ്പുറം മണ്ഡലത്തിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നൽകിയ വായ്പാ തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ചുവടെ നൽകുന്നു :

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	നൽകിയ വായ്പാ തുക (രൂപയിൽ)
2007-08	6	1,50,000
2008-09	14	6,30,000
2009-2010	9	2,87,000
2010-2011	2	50,000
ആകെ	31	11,17,000

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മലപ്പുറം മണ്ഡലത്തിൽ 536 ഗുണഭോക്താക്കൾക്കായി 347.18 ലക്ഷം രൂപ സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly